# KEEZHPPAYUR A U P SCHOOL

## ACADEMIC MASTER PLAN

2025-2026

miles to go

# വിദ്യാലയ ചരിത്രം

പഴയ കുറുമ്പ്രനാട് താലൂക്കിൽ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ വടക്കുഭാഗത്തായി ജനകീയമുക്ക്-കീഴ്പയ്യൂർ റോഡിൽ കീഴ്പയ്യൂർ പോസ്റ്റോഫീസിന് സമീപത്തായിട്ടാണ് കീഴ്പയ്യൂർ എ.യു.പി സ്കൂൾ സ്ഥിതിചെയ്യുന്നത്. പടിഞ്ഞാറ് ഭാഗത്ത് വിശാലമായ കരുവോട് പാണ്ടിവയലും വടക്കു പടിഞ്ഞാറ് പ്രകൃതിസുന്ദരമായ പുറക്കാ മലയും തെക്ക്-കിഴക്ക് വിശാലമായ തെങ്ങിൻ തോട്ടങ്ങളും നെൽവയലുകളും നിറഞ്ഞ ചെറുവണ്ണൂർ ജനകീയമുക്ക് പ്രദേശങ്ങൾക്കിടയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

കലാസാംസ്കാരിക രംഗങ്ങളിൽ മികച്ച പൈതൃകം ഉൾക്കൊള്ളുന്ന പ്രദേശമാ യിരുന്നു കീഴ്പ്പയ്യൂർ. കഥകളി ആചാര്യനായ ചേമഞ്ചേരി കുഞ്ഞിരാമൻ നായർ ഈ പ്രദേശത്തുനിന്നാണ് കഥകളി അഭ്യസനത്തിന് തുടക്കം കുറിച്ചിരുന്നത്. അതേ പോലെ കേരളത്തിന്റെ നാനാഭാഗത്തുനിന്നും ആളുകൾ ഈ പ്രദേശത്ത് വന്ന് കഥകളി അഭ്യസിച്ചിരുന്നു. ജന്മിത്തവും നാടുവാഴിത്തവും ശക്തമായിരുന്ന ഇരുപ താം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ 1914-ൽ നാടുവാഴിയായിരുന്ന ചെറുവത്ത് തറവാട്ടിൽപ്പെട്ട ശ്രീ. ചാത്തുനമ്പ്യാർ കീഴ് പ്പയ്യൂർ മണപ്പുറത്തിനടുത്ത് ഒരു എഴുത്തുപള്ളിക്കൂടം സ്ഥാപിച്ചു. പ്രദേശത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്ന സ്ഥാപനമായി ഇത് വളർന്നു. ശ്രീ. കോമപ്പൻ ഗുരുക്കൾ, കെ.കെ. കണാരൻ നായർ, തോട്ടത്തിൽ കണ്ണൻ, പി.വി.ചന്ദ്രൻ നായർ എന്നിവർ ഈ സ്ഥാപനത്തിലെ പ്രശസ്തരായ അധ്യാപകരായിരുന്നു.

1940-ൽ കൂത്താളി നായരുടെ മകനായിരുന്ന ചെറുവട്ടാട്ട് അപ്പുക്കുട്ടി നമ്പ്യാർ ഈ പള്ളിക്കൂടത്തെ എൽ.പി സ്കൂൾ ആക്കി. പിന്നീട് പ്രവർത്തന സൗകര്യത്തിനായി തറവാട്ടിന് മുൻവശത്തുള്ള വടക്കേ പുതുക്കുടിചാലിൽ പറമ്പിലേക്ക് മാറ്റി സ്ഥാപിച്ചു.

പിന്നീട് വിദ്യാലയം 1960-ൽ യു.പി.സ്കൂളായി ഉയർത്തപ്പെട്ടു. പ്രശസ്തനായ എം. എസ്. നമ്പൂതിരിയായിരുന്നു ഹെഡ് മാസ്റ്റർ. ഇക്കാലത്ത് ആയിരത്തോളം വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠിച്ചിരുന്നു. മുൻ എം.എൽ.എ ആയിരുന്ന പി.കെ. നാരായണൻ നമ്പ്യാർ, റിട്ടയേർഡ് സെയിൽ ടാക്സ് കമ്മീഷണറായിരുന്ന വി.പി. ബാലൻ നായർ എന്നിവർ ഈ സ്കൂളിലെ പ്രശസ്തരായ പഠിതാക്കളിൽ ചിലരാണ്. മാനേജരായിരുന്ന ചെറുവട്ടാട്ട് ബാലകൃഷ്ണൻ നമ്പ്യാർ സ്വന്തം ഇഷ്ടപ്രകാരം സകൂൾ തുടർന്ന് നടത്താനാവില്ലെന്ന് സർക്കാരിനെ അറിയിച്ചു. തുടർന്ന് ഹൈക്കോടതിയിൽ

സ്കൂൾ അടച്ചുപൂട്ടാൻ അനുമതിതേടി മാനേജർ ഹർജി ഫയൽ ചെയ്തു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1973-ൽ സർക്കാർ എൽ.പി വിഭാഗത്തിന്റെ അംഗീകാരം പിൻവലിച്ചു. തുടർന്ന് 1975-ൽ യു.പി സെക്ഷന്റേയും അംഗീകാരം പിൻവലിച്ചു. കീഴ് പ്പയ്യൂർ പ്രദേശത്തെ ബഹുസഹസ്രം വിദ്യാർത്ഥികളുടെ ഏക പഠനകേന്ദ്രം ആയിരുന്ന കീഴ്പയ്യൂർ യു.പി. സ്കൂൾ അടച്ചുപൂട്ടിയതോടെ രക്ഷിതാക്കളും നാട്ടുകാരും വിദ്യാർത്ഥികളും സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരും പ്രക്ഷോഭമാരംഭിച്ചു. സ്കൂൾ പുനഃസ്ഥാപിക്കുവാൻ സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തി. സ്കൂൾ തുടങ്ങേണ്ട ആവശ്യത്തിലേക്കായി നാട്ടുകാരുടെ ആവശ്യ പ്രകാരം അടച്ചുപൂട്ടിയ സ്ഥലവും കെട്ടിടവും പൊതു കാര്യപ്രവർത്തകനായ കണ്ടോത്ത് മൊയ്തീൻഹാജി വിലയ്ക്കു വാങ്ങുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1982-ൽ എ.വി. അബ്ദുറഹിമാൻ ഹാജി എം.എൽ.എയുടെ തീവ്രശ്രമഫലമായി തടത്തിൽ അസൈനാറുടെ മാനേജ്മെന്റിൽ സ്കൂൾ അനുവദിക്കുകയും ചെയ്തു. മേലടി ഉപജില്ലയിൽ എൽ.പി വിഭാഗം ഇല്ലാത്ത ഏക എയ്ഡഡ് യു.പി സ്കൂളായി നിലവിൽ പ്രവർത്തിക്കുന്നു. ഇപ്പോഴും എൽ.പി സെക്ഷനിലെ അഭാവം ഈ സ്കൂളിലെ പ്രവർത്തനത്തിന് പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

1988 മുതൽ കണ്ടോത്ത് അസൈനാർ മാസ്റ്ററായിരുന്നു സ്കൂളിന്റെ മാനേജർ. 2022 ജൂൺ 2 ന് കണ്ടോത്ത് അസൈനാർ മാസ്റ്റർ അകാലത്തിൽ നമ്മോട് വിടവാങ്ങി. നിലവിൽ ആയിഷ. കെയാണ് സ്കൂൾ മാനേജർ. 1982 മുതൽ 2012 വരെ ഇ. കുഞ്ഞിമൊയ്തീൻ മാസ്റ്റർ ഹെഡ്മാസ്റ്ററായിരുന്നു. 2012 മുതൽ 2019 വരെ എം.ടി രാധാകൃഷ്ണൻ മാസ്റ്റർ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചു. 2019-2020 സി.കെ.മൻ സൂർ മാസ്റ്റർ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചു. 2020-2022 കാലയളവിൽ പി.അനി ത ടീച്ചർ ഹെഡ്മിസ്ട്രസ്സായിരുന്നു. 2022 മെയ് മുതൽ 2023 സപ്തംബർ 28 വരെ കെ.പ്രവീൺ മാസ്റ്റർ ഹെഡ്മാസ്റ്റർ ചുമതല നിർവ്വഹിച്ചു. 2023 സപ്തംബർ 29 മുതൽ കെ.രതീഷ് മാസ്റ്ററാണ് ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചു വരുന്നത്. വി. ദാമോദരൻമാസ്റ്റർ, വി. ഐ. ശങ്കരൻമാസ്റ്റർ, എ. ലീലടീച്ചർ, ഡി.എം. നാരായണൻ മാസ്റ്റർ, എം.പി. സുബൈദടീച്ചർ, ഒ. രമണിടീച്ചർ. കെ. ഗീതടീച്ചർ, എം.ടി. രാധാകൃഷ്ണൻ മാസ്റ്റർ, സി.കെ.മൻസൂർ മാസ്റ്റർ, ടി.സതീശൻ മാസ്റ്റർ, പി.അനിത ടീച്ചർ എന്നിവർ വിദ്യാലയത്തിലെ അധ്യാപകരായിരുന്നു. എ.വി. കുഞ്ഞമ്മദ് ഓഫീസ് അസിസ്റ്റൻറ് ആയിരുന്നു.

കെ.മുഹമ്മദ് മാസ്റ്റർ (ഫുൾ ടൈം ഹിന്ദി), കെ.പ്രവീൺ മാസ്റ്റർ (ഫുൾ ടൈം സംസ്കൃതം), കെ.ഹസ്ന ടീച്ചർ (യു.പി.എസ്.ടി), പി.എം.സോഫിയ ടീച്ചർ (ഫുൾ ടൈം ഉറുദു), മനു മാസ്റ്റർ(യു.പി.എസ്.ടി), വി.ആൻസി ടീച്ചർ

(യു.പി.എസ്.ടി), പി.ഷഫീന ടീച്ചർ (പാർട്ട് ടൈം അറബിക്), ബി.ഷനില ടീച്ചർ (യു.പി.എസ്.ടി) , എം.കെ.ഫാസില ടീച്ചർ (യു.പി.എസ്.ടി) എന്നിവരാണ് നിലവിൽ ഈ വിദ്യാലയത്തിലെ അധ്യാപകർ. ഹാഖിൽ.ടി.കെ ഓഫീസ് അറ്റൻ്റഡായി പ്രവർത്തിക്കുന്നു. ഹാഖിൽ പഠനാവശ്യാർത്ഥം അവധിയിൽ പ്രവേശിച്ചതിനു ശേഷം സംരക്ഷിത ജീവനക്കാരുടെ പട്ടികയിൽ നിന്നും സജിഷ.എൻ നിയമിതയായി. ഇതിനിടയിൽ താൽക്കാലിക ഒഴിവിൽ അജിൻ. പി നിയമിക്കപ്പെട്ടിട്ടുണ്ട്.

പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റ മുണ്ടാക്കാൻ വിദ്യാലയത്തിന് കഴിഞ്ഞു. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രദമായി ഏറ്റെടുക്കാൻ സാധിച്ചു. സ്കൂൾ അഡ്മിഷനിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ഇതിന്റെ പ്രതിഫലനമാണ്. 2020 -ൽ ആദ്യമായി ഫാത്തിമ സുഹൈലയിലൂടെ യു.എസ്.എസ് കരസ്ഥാക്കി. തുടർന്ന് 2021 -ൽ കശ്യപ്.എ.എസും, 2023 -ൽ അനുദർശ് (GIFTED), ഫാത്തിമ ഫർഹ, ദേവാഞ്ജന എന്നിവർക്കും 2025-ൽ ശ്രാവണ.എസ്.ആർ, മിന മൻഹ, അൻഹ ഫാത്തിമ, അർച്ചന.കെ.എസ്, മുഹമ്മദ് റിഷാൻ, അനുവൃന്ദ അനീഷ്, ആദിഷ് കൃഷ്ണ, കിഷൻ.ബി, ശിവദ്.വി.ആർ, ലിയാന ഷെറിൻ സി.എം, നുഹ മെഹ് വിഷ്, ഹുദ നസ്റിൻ എന്നീ 12 പേർക്കും യു.എസ്.എസ് ലഭിച്ചു.

കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ കരുവോട് ചിറയിൽ അരയേക്കറിൽ നെൽകൃഷി ഇറക്കിയത് വലിയ ജനശ്രദ്ധ പിടിച്ചുപറ്റി. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ, സ്കൂൾ ജന്തുക്ഷേമ ക്ലബ്ബിന്റെ നേതൃത്വത്തിൽ വീട്ടിൽ ഒരു കുഞ്ഞാടു പദ്ധതി നടപ്പാക്കി.

സ്കൂളുകൾ അടച്ചുപൂട്ടിയ കോവിഡ് കാലത്ത് ഓൺലൈൻ പഠനരംഗത്ത് ശ്രദ്ദേയമായ ഇടപെടലുകൾ നടത്താൻ സ്കൂളിന് സാധിച്ചു. ഓൺലൈൻ ക്ലാസ്സുകളും പരിപാടികളും മികവാർന്ന രീതിയിൽ സംഘടിപ്പിച്ചു. രംഗോലി ഓൺലൈൻ കലാമേള ഏറെ പ്രശംസ പിടിച്ചുപറ്റി. 2019, 2022, 2023, 2024 വർഷങ്ങളിൽ വിപുലമായ രീതിയിൽ സ്കൂൾ വാർഷികാഘോഷങ്ങൾ സംഘടിപ്പിച്ചു. 2019 ൽ മഴവില്ല് എന്ന കുട്ടികളുടെ മാഗസിൻ പ്രസിദ്ദീകരിച്ചു. പാഠം ഒന്ന് എന്ന കുട്ടികളുടെ ഹ്രസ്വചിത്രവും അണിയിച്ചൊരുക്കി. 2022 ൽ വിദ്യാലയാങ്കണത്തിൽ ജൈവവൈവിദ്ധ്യോദ്യാനം നിർമ്മിച്ചു. 2024 ൽ ആകാശമിഠായി, 2025 ൽ നിറക്കൂട്ട് സഹവാസ ക്യാമ്പുകൾ സംഘടിപ്പിച്ചു. കായികരംഗത്ത് 2023 ൽ

ജൂഡോയിൽ സത്ലജ് എസ് ലോഹ്യയും ലോംഗ്ജംപിലും ഹൈജംപിലും മുഹമ്മദ് റിഷ്ദാനും സബ്ജില്ലാതലത്തിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കി.

വിശാലമായ മൈതാനവും, സൗകര്യപ്രദമായ 10 ക്ലാസ് മുറികളുമാണ് നിലവിലുള്ളത്. ആധുനിക സൗകര്യങ്ങളോടെയുള്ള സ്മാർട്ട് ക്ലാസ്റൂം നിർമിക്കാൻ കഴിഞ്ഞു. ഹൈടെക് സൗകര്യങ്ങളോടെയുള്ള പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്. തികച്ചും ഗ്രാമീണമായ പശ്ചാത്തലത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് തുടർന്നും എല്ലാവരുടെയും സഹായവും സഹകരണവും പ്രോത്സാഹനവും ഉണ്ടാവുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**അക്കാദമിക് മാസ്ററർ പ്ലാൻ സമീപനം**

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹികപുരോഗതിയാണ് നാം ലക്ഷ്യംവയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു.എൻ. സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം; നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങളും നിർവചിച്ചിട്ടുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്തപഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം. കേരളം മറ്റുപലരംഗങ്ങളിലെന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാ ഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർഥിക്കും ദേശ, ഭാഷ, വർഗ, വർണ, ലിംഗ ഭേദമന്യ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർഥിയുടെ അവകാശമായ

ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്. ഈ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്.

നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ അക്കാദമിക് മാസ്റ്റർ പ്ലാൻ പുനർ നിർമ്മിക്കേണ്ടതുണ്ട്.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### ദർശനം

"വിദ്യാലയത്തിലെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ വിദ്യാലയത്തിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു."

### ലക്ഷ്യങ്ങൾ

. ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തന ങ്ങൾ സംഘടിപ്പിക്കുന്നു.
. വിദ്യാർഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
. വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്തത മാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
. സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപക രണങ്ങൾ, ഉദ്യാനം, മൈതാനം....) എന്നിവ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
. ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
. വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മ ളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
. ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

**അവസ്ഥാവിശകലനം**

അഡ്മിഷൻ

| വർഷം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ കുട്ടികൾ |
|---|---|---|---|
| 2012-2013 | 41 | 36 | 77 |
| 2013-2014 | 35 | 28 | 63 |
| 2014-2015 | 41 | 31 | 72 |
| 2015-2016 | 48 | 39 | 87 |
| 2016-2017 | 58 | 49 | 120 |
| 2017-2018 | 63 | 57 | 120 |
| 2018-2019 | 62 | 58 | 120 |
| 2019-2020 | 53 | 64 | 117 |
| 2020-2021 | 71 | 73 | 144 |
| 2021-2022 | 75 | 66 | 141 |
| 2022-2023 | 78 | 65 | 143 |
| 2023-2024 | 53 | 63 | 118 |
| 2024-2025 | 55 | 65 | 120 |
| 2025-2026 | 52 | 49 | 101 |

**പാഠ്യപദ്ധതി വിനിമയം**

പാഠ്യപദ്ധതി വിനിമയത്തിന് ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ അദ്ധ്യാപകർ പരിശ്രമിക്കുന്നുണ്ട്.
വിദ്യാർത്ഥിസൗഹൃദമായ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും അനുഗുണമായ പഠനപ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നു.
സഹകരണ-സഹവർത്തിത്ത പഠനത്തിന് ഊന്നൽ നൽകുന്നു.
ക്ലാസ് മുറിയെ സമൂഹവുമായി ബന്ധപ്പെടുത്തുന്ന നിരന്തര പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.
നിരന്തര മൂല്യനിർണ്ണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തുന്നു.

**പഠനാന്തരീക്ഷം**

വിദ്യാർത്ഥിസൗഹൃദമായ പഠനാന്തരീക്ഷം ഉറപ്പാക്കുന്നു.
പ്രകൃതിയെയും മനുഷ്യനെയും സംയോജിപ്പിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.

**അദ്ധ്യാപകർ**

അദ്ധ്യാപക വിദ്യാഭ്യാസം പൂർത്തിയാക്കിയ അനുഭവസമ്പത്തും പ്രതിഭയുമുള്ള അദ്ധ്യാപകർ
ഉന്നത ബിരുദമുള്ളവരും സർഗ്ഗാത്മകമായി അദ്ധ്യാപനം നടത്തുന്നവരുമാണ് അദ്ധ്യാപകർ

**ഭൗതികസാഹചര്യം**

വിശാലമായ ക്ലാസ് മുറികൾ
വിശാലമായ കളിമൈതാനം
ടെലിവിഷൻ, പ്രൊജക്ടർ, ലാപ്ടോപ്പ് തുടങ്ങിയ ഉപകരണങ്ങൾ

**സാമൂഹ്യ ഇടപെടലുകൾ**

പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, പൂർവ്വവിദ്യാർത്ഥി സംഘടന,
സാമൂഹ്യ മാധ്യമങ്ങൾ (ഫേസ്ബുക്ക്, യുട്യൂബ്, ഇൻസ്റ്റഗ്രാം മുതലായവ)

**അക്കാദമിക് മാസ്ററർ പ്ലാൻ – സ്കൂൾ തല മോണിറ്ററിംഗ്**

1) പി.ടി.എ, എം.പി.ടി.എ പ്രസിഡണ്ടുമാർ
2) വാർഡ് മെമ്പർ
3) അക്കാദമിക വിദഗ്ധൻ
4) പ്രധാനധ്യാപകൻ
5) അധ്യാപക പ്രതിനിധികൾ
6) വിദ്യാർത്ഥി പ്രതിനിധികൾ

എന്നിവരടങ്ങുന്ന സമിതി മാസംതോറും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ എന്ന് വിലയിരുത്തുക.
മാസാന്ത്യയോഗങ്ങളിൽ അതത് മാസത്തെ പദ്ധതിപ്രവർത്തനം അവലോകനം ചെയ്ത് സമയബന്ധിതമാണെന്നും ഗുണപരമായും അളവുപരമായും ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തുക. ആയതിന്റെ പ്രോഗ്രസ് റിപ്പോർട്ട് തയാറാക്കൽ.
പദ്ധതിനിർവഹണത്തിലെ പുരോഗതിവിലയിരുത്തി വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുക.
കുട്ടികളുടെ താൽപ്പര്യം, പദ്ധതികളുടെ സ്വീകാര്യത, ഫലപ്രാപ്തി എന്നിവ നിശ്ചിത ചോദ്യാവലികൾ അടങ്ങുന്ന ടൂളുകൾ ഉപയോഗിച്ച് മൂല്യനിർണയം നടത്തുകയും
എന്നിവയാണ് ഈ സമിതിയുടെ പ്രധാന ചുമതലകൾ

മേഖല യു.പി സാമൂഹ്യശാസ്ത്രം KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഗൾ-വിജയനഗര രാജവംശങ്ങളുടെ പൈതൃകകേന്ദ്രങ്ങളെ പരിചയപ്പെടുത്തുക | **വെർച്ചൽ ടൂർ** മുഗൾ-വിജയനഗര രാജവംശങ്ങളുടെ പൈതൃകകേന്ദ്രങ്ങളെ ഉൾപ്പെടുത്തി വെർച്ചൽ ടൂർ സംഘടിപ്പിക്കുന്നു. | ജൂൺ മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| സാംസ്കാരിക വൈവിധ്യത്തേയും സമന്വയത്തേയും അവതരിപ്പിക്കുക | **സാംസ്കാരിക സെമിനാർ** സമന്വയത്തിന്റെ ഇന്ത്യ | ജൂലൈ മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ എസ്.ആർ.ജി | സ്റ്റാഫ് ഫണ്ട് |
| ഭരണഘടനയുടെ പ്രാധാന്യം മനസ്സിലാക്കാൻ സഹായിക്കുക | **സ്കൂൾ ഭരണഘടന തെയ്യാറാക്കൽ** | ജൂലൈ മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| അരികുവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങളും പരിഹാരങ്ങളും തിരിച്ചറിയുന്നു | **സാമൂഹ്യശാസ്ത്രപഠനം-പ്രൊജക്ട്** അരികുവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങളും പരിഹാരങ്ങളും തിരിച്ചറിയുന്നു | ആഗസ്റ്റ് മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| ഭൂമിയുടെ ഘടന, അന്തരീക്ഷം, കാലാവസ്ഥാ പ്രശ്നങ്ങൾ എന്നിവ തിരിച്ചറിയാൻ അവസരം ഒരുക്കു | **ഭൂമിയുടെ ഘടന മാതൃകാ നിർമ്മാണം**<br><br>**പാനൽ ഡിസ്കഷൻ**<br>കാലാവസ്ഥാ പ്രശ്നങ്ങളും പ്രതിസന്ധികളും | ആഗസ്റ്റ്-സപ്തംബർ മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| വിവിധ ഭൂരൂപങ്ങൾ പരിചയപ്പെടുത്തുക | **പതിപ്പ് നിർമ്മാണം**<br>ഭൂപ്രകൃതിയും മനുഷ്യജീവിതവും | ഒക്ടോബർ മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| ഭക്ഷ്യോൽപ്പാദനം ഭക്ഷ്യസുരക്ഷ എന്നിവയുടെ പ്രാധാന്യം മനസിലാക്കൽ | **സാമൂഹ്യ സർവ്വേ**<br>ഭക്ഷ്യോൽപ്പാദനം ഭക്ഷ്യസുരക്ഷ എന്നിവയുടെ അവസ്ഥാവിശകലനം സർവ്വേയിലൂടെ പഠിക്കാൻ അവസരം സൃഷ്ടിക്കുന്നു. | ഒക്ടോബർ-നവംബർ മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| അധികാര വികേന്ദ്രീകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയിക്കുക | **സ്കൂൾ പാർലിമെന്റ് തെരഞ്ഞെടുപ്പ്**<br>**ക്ലാസ്സ് സഭകൾ**<br>അധികാരം ജനങ്ങളിലേക്ക് എന്ന ആശയം പ്രായോഗിക പ്രവർത്തനങ്ങളിലൂടെ | ജൂലൈ മാസം<br>ആഗസ്റ്റ് മാസത്തിലും | സാമൂഹ്യശാസ്ത്രാധ്യാപകൻ | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| | തിരിച്ചറിയുന്ന പഠനാനുഭവങ്ങൾ സൃഷ്ടിക്കുന്നു. | | | |
| ഭൂമിശാസ്ത്രപഠനത്തിന് ഉപയോഗപ്പെടുത്തുന്ന ഭൂപടം, ആധുനിക സങ്കേതങ്ങൾ എന്നിവ മനസ്സിലാക്കുന്നതിന് | ഭൂപടം ഗ്ലോബ് അറ്റ്ലസ് വായന<br>രൂപരേഖ തയ്യാറാക്കൽ<br>ഭൂപട ആൽബം തയ്യാറാക്കൽ<br>ഐ.ടി ശില്പശാല (ജി.പി.എസ്, സ്കൂൾ ഭുവൻ) | ഡിസംബർ മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| കുടുംബ ബജറ്റിലൂടെ മിതവ്യയ ശീലം സമ്പാദ്യ ശീലം എന്നിവ വളർത്തുന്നതിന്, വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ ജനപക്ഷ നിലപാടും മനോഭാവവും രൂപപ്പെടുത്തുക | കുടുംബ ബജറ്റ് തയ്യാറാക്കൽ.<br>വികസന-ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാർത്താപതിപ്പ് തയ്യാറാക്കൽ | ജനുവരി മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | |
| വിവേചനങ്ങൾക്കെതിരെ നിലപാട് സ്വീകരിക്കുന്നതിന്... | ഭൂപടം ഗ്ലോബ് അറ്റ്ലസ് | ജനുവരി-ഫെബ്രുവരി മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | |

| | | | | |
|---|---|---|---|---|
| വിവേചനം നേരിടുന്ന ജനങ്ങളെ ഉൾക്കൊള്ളുന്നതിനും ഇത്തരം ജനവിഭാഗങ്ങളോട് അനുതാപപൂർണ്ണമായ സമീപനം സ്വീകരിച്ച് വിശ്വമാനവികത എന്ന കാഴ്ചപ്പാടിൽ എത്തിച്ചേരുന്നതിനും | വായന<br>സമയരേഖ തയ്യാറാക്കൽ<br>വർണ്ണവിവേചനം-<br>നാടകീകരണം | | | |
| ഓരോരുത്തരും ജീവിക്കുന്ന സമൂഹത്തെ ചരിത്രാവബോധത്തോടെ വിശകലനം ചെയ്യുന്നതിനും സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിനും ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിനും പ്രാപ്തി നേടുക. | പ്രാദേശിക ചരിത്രരചന<br>വിദ്യാലയ ചരിത്രരചന<br>യാത്രാവിവരണം-<br>ആൽബം തയ്യാറാക്കൽ | ഫെബ്രുവരി മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | |
| പ്രത്യക്ഷ അനുഭവങ്ങൾ നേടാൻ അവസരം ഒരുക്കുക | ഫീൽഡ് ട്രിപ്പ്<br>ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ,<br>വിനോദസഞ്ചാര | ഒക്ടോബർ മാസം | സാമൂഹ്യശാസ്ത്രാധ്യാപകൻ | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| ദിനപ്പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ,ഇന്റർനെറ്റ് മുതലായ സ്രോതസ്സുകളിലൂടെ അധിക വിവരശേഖരണം. | കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ<br><br>എന്റെ സാമൂഹ്യശാസ്ത്രനിരീക്ഷണ പുസ്തകം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്രാധ്യാപകൻ | സ്റ്റാഫ് ഫണ്ട് |

| മേഖല യു.പി അടിസ്ഥാനശാസ്ത്രം | | | | KEEZHPPAYUR AUP SCHOOL |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ശാസ്ത്രപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | **പ്രീ-ടെസ്റ്റ്** മുന്നറിവ് പരിശോധിക്കുന്നു. | ജൂൺ ആദ്യ വാരം | ശാസ്ത്രാധ്യാപിക, എസ്.ആർ.ജി കൺവീനർ, എച്ച്.എം | സ്റ്റാഫ് ഫണ്ട് |
| എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട ശാസ്ത്ര പഠന മികവുകൾ നേടി എന്ന് ഉറപ്പു വരുത്തുക.<br><br>ശാസ്ത്ര വിദ്യാഭ്യാസം വളർത്തുക<br><br>ആരോഗ്യ വിദ്യാഭ്യാസം വളർത്തുക | **എന്റെ മരം** പരിസ്ഥിതി ദിനത്തിൽ എല്ലാകുട്ടികളും വീടുകളിൽ വൃക്ഷത്തെ നടുന്നു. | ജൂൺ അഞ്ച് | ശാസ്ത്രാധ്യാപിക, എസ്.ആർ.ജി കൺവീനർ, എച്ച്.എം | സ്റ്റാഫ് ഫണ്ട് |
| കൃഷിയോടും പരിസ്ഥിതിയോടും സൗഹാർദ്ദമനോഭാവം വളർത്തിയെടുക്കുക.<br><br>എല്ലാ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാനൈപുണികളും | **കണ്ടറിയാൻ ഒരു യാത്ര** വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സസ്യങ്ങളെ കണ്ടെത്തൽ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം കാവുകൾ സന്ദർശനം | ജൂലൈ | സയൻസ് ടീച്ചർ എസ് ആർ ജി കൺവീനർ ,എച്ച് എം | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| സ്വായത്തമാക്കാനുതകും വിധം ലാബുകൾ സജ്ജമാക്കുക.<br><br>ജൈവവൈവിദ്യോധ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക. | കണ്ടൽക്കാട് നിരീക്ഷണം പുഴയെ അറിയാൻ യാത്രകൾ<br><br>**വീഡിയോ പ്രദർശനം** ഓരോ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടതും പ്രശസ്ത ശാസ്ത്ര കണ്ടുപിടുത്തങ്ങളുടെയും ശാസ്ത്രജ്ഞരുടെയും ജീവിത ചരിത്ര വീഡിയോകളും പ്രദർശിപ്പിക്കൽ | അക്കാദമിക വർഷം | സയൻസ് ടീച്ചർ എസ് ആർ ജി കൺവീനർ | സ്റ്റാഫ് ഫണ്ട് |
| | എക്സ്പ്ലോ - എക്സ്പ്ലോർ ആധുനികശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | ആഗസ്റ്റ് | സയൻസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| | **ജൈവവൈവിധ്യ പാർക്ക് വിപുലീകരണം** സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൈവവൈവിധ്യ പാർക്ക് ഇതിലേയ്ക്ക് ഇരിക്കുവാൻ വിവിധ ഇനം ചെടികൾ ഔഷധസസ്യങ്ങൾ എന്നിവ ശേഖരിച്ച് നടൽ | ജൂൺ മുതൽ | സയൻസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| | **എന്റെ ശാസ്ത്ര പുസ്തകം** ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ ലേഖനങ്ങൾ പരീക്ഷണക്കുറിപ്പുകൾ തുടങ്ങിയവ ഉൾപ്പെടുത്തി ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ എന്റെ ശാസ്ത്ര പുസ്തകം തയ്യാറാക്കൽ | അക്കാദമിക വർഷം | സയൻസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |
| | **സയൻസ് ലാബ് വിപുലീകരിക്കൽ** പരീക്ഷണ നിരീക്ഷണ | ജൂൺ മുതൽ | സയൻസ് ടീച്ചർ | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| | ആവശ്യങ്ങൾക്കായി സ്കൂൾ ലാബ് മെച്ചപ്പെടുത്തൽ<br><br>**പരീക്ഷണ കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലഘു പരീക്ഷണങ്ങൾ ചെയ്യുന്ന പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു<br><br>**ഫീൽഡ് ട്രിപ്പ്**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട അറിവുകൾ മെച്ചപ്പെടുത്താനായി വിവിധ സ്ഥലങ്ങളിലേക്കുള്ള പഠന യാത്രകൾ<br><br>**ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം<br><br>ജൂലൈ മുതൽ<br><br>അക്കാദമി വർഷം | സയൻസ് ടീച്ചർ<br><br>സയൻസ് ടീച്ചർ<br><br>സയൻസ് ടീച്ചർ | സ്റ്റാഫ് ഫണ്ട്<br><br>സ്റ്റാഫ് ഫണ്ട്<br><br>സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| | **വിസ്മയ യാത്ര**<br>ICT യുടെ സഹായ ത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു<br><br>**പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ്**<br>സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി പരിസര ശുചീകരണം സ്കൂളിൽ പ്ലാസ്റ്റിക് നിരോധിക്കൽ<br><br>**ശാസ്ത്ര കിറ്റ്**<br>ക്ലാസ് റൂം പ്രവർത്ത നങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നു<br><br>**കിളിയൂട്ട്**<br>സഹജീവി സ്നേഹം വളർത്തുന്നതിന്റെ ഭാഗമായി കിളികൾക്കും മറ്റു ജീവികൾക്കും പാത്രങ്ങളിൽ വെള്ളം നിറച്ച് സ്കൂൾ പരിസരങ്ങ | അക്കാദമിക വർഷം<br><br>അക്കാദമി വർഷം<br><br>അക്കാദമിക വർഷം<br><br>ജനുവരി മാർച്ച് | സയൻസ് ടീച്ചർ<br><br>സയൻസ് ടീച്ചർ<br><br>സയൻസ് ടീച്ചർ<br><br>സയൻസ് ടീച്ചർ | സ്റ്റാഫ് ഫണ്ട്<br><br>സ്റ്റാഫ് ഫണ്ട്<br><br>സ്റ്റാഫ് ഫണ്ട്<br><br>സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| | ളിൽ വെക്കുക | | | |

**മേഖല യു.പി ഗണിതശാസ്ത്രം** KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല** കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷത കൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | സ്റ്റാഫ് ഫണ്ട് |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്** ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | സ്റ്റാഫ് ഫണ്ട് |
| 5) ഗണിത മേഖലയിൽ കുട്ടി കളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം** ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക | **ഐ.ടി. സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്കീയകൾ, ടാൻഗ്രാം ഇതുപോലുള്ള | | | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ വിദ്യാർത്ഥികളും | സ്റ്റാഫ് ഫണ്ട് |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | സ്റ്റാഫ് ഫണ്ട് |

മേഖല യു.പി ഇംഗ്ലീഷ് KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം നൽകുന്നു | ലളിതവും രസകരവും ആയി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു | സപ്തംബർ- ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപിക | സ്റ്റാഫ് ഫണ്ട് |
| | നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ നൽകുന്നു. അതിനനുസരിച്ച് പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | ജൂൺ -മാർച്ച് | ഇംഗ്ലീഷ് അധ്യാപിക | |
| | ക്ലാസ് മുറികളിൽ ഇംഗ്ലീഷിന്റെ ഉപയോഗം മാത്രം കുട്ടികളെയും പ്രേരിപ്പിക്കുന്നു | ജൂൺ- മാർച്ച് | ഇംഗ്ലീഷ് അധ്യാപിക | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | വായന കാർഡിന്റെ നിരന്തരം ഉപയോഗം ഇംഗ്ലീഷ് ദിനപത്രം ലൈബ്രറി പുസ്തകം ഇംഗ്ലീഷ് പാഠപുസ്തകം വായിക്കുവാനുള്ള നിർദ്ദേശം നൽകി reader of the month നെ ആദരിക്കുന്നു | ജൂലൈ- ഫെബ്രുവരി<br>ജൂലൈ- മാർച്ച് | ഇംഗ്ലീഷ് അധ്യാപിക | സ്റ്റാഫ് ഫണ്ട് |
| | | ഒക്ടോബർ - മാർച്ച് | | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു<br><br>ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | ഇംഗ്ലീഷ് മാഗസിൻ, മിനി ഡിക്ഷണറി പ്രസിദ്ധീകരണം .<br>സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു.<br>ആകർഷകമായ ഗെയിമുകൾ കുട്ടികളെ പരിശീലിപ്പിക്കുന്നു.<br><br>ദിനാചരണത്തിൽ ഇംഗ്ലീഷ് മത്സരങ്ങളും സംഘടിപ്പിക്കുന്നു | ജൂൺ- മാർച്ച് | ഇംഗ്ലീഷ് അധ്യാപിക<br><br>ഇംഗ്ലീഷ് അധ്യാപിക | സ്റ്റാഫ് ഫണ്ട് |

മേഖല യു.പി മലയാളം KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും വായിക്കാനും എഴുതുവാനുള്ള കഴിവ് ഉണ്ടാക്കുക | അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ പ്രവർത്തനം അക്ഷര കാർഡ് അക്ഷര ചിത്രം എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ | ഒരു വർഷം | അധ്യാപിക | സ്റ്റാഫ് ഫണ്ട് |
| വായന പ്രോത്സാഹിപ്പിക്കുക | ഓരോ കുട്ടിയും വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക | ഒരു വർഷം | അധ്യാപിക | |
| പത്രം ലൈബ്രറി എന്നിവ ക്ലാസ്സിൽ വിതരണം ചെയ്യുക മാസാവസാനം പത്രക്വിസ് നടത്തുകയും ലൈബ്രറിയിൽ വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക | ലൈബ്രറി വായനയിലൂടെ സാഹിത്യകാരന്മാരെ പരിചയപ്പെടാം. പത്രക്വിസ് നടത്തുകയും ലൈബ്രറിയിൽ വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക | | അധ്യാപിക | പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നു. |

മേഖല യു.പി ഹിന്ദി KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും.ICT ഉപയോഗിക്കുക | ജൂൺ മുതൽ | ഹിന്ദി അധ്യാപകൻ | |
| ഹിന്ദി വായന | നിരന്തരം പുസ്തക വായന | ജൂൺ മുതൽ | ഹിന്ദി അധ്യാപകൻ | |
| തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യു | ലൈബ്രറി ഉപയോഗിക്കുക | ജൂൺ മുതൽ | ഹിന്ദി ക്ലബ്ബ് | |
| ഹിന്ദി സംസാരം | ക്ലാസുകളിൽ ഹിന്ദി സംസാരിക്കുക കുട്ടികളെയും ഹിന്ദി സംസാരിക്കുവാൻ പ്രേരിപ്പിക്കുക | ഒക്ടോബർ മുതൽ | ഹിന്ദി അധ്യാപകൻ ഹിന്ദി ക്ലബ്ബ് | |

മേഖല യു.പി അറബിക് KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബിഭാഷാ പഠനനേട്ടങ്ങൾ എല്ലാകുട്ടികളും നേടുക | ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ-മാർച്ച് | അദ്ധ്യാപിക | |
| ഭാഷയിലെ ഒരേ പോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക,രൂപപ്പെടുത്തുകയും ചെയ്യുക | അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കു വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. കുട്ടികൾക്ക് ആവശ്യമായ പരിഗണന നൽകി എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | ജൂൺ- ആഗസ്റ്റ് | അദ്ധ്യാപിക | |

മേഖല യു.പി സംസ്കൃതം KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വേദങ്ങൾ, ഉപനിഷത്തുകൾ, ഭൃതപുരാണങ്ങൾ എന്നിവയുടെ യഥാർത്ഥ സന്ദേശം ഗ്രഹിക്കുക. | സംസ്കൃത സംഭാഷണം<br>അക്ഷര പഠനം<br>ചിത്രസംയോജനം | ജൂൺ മുതൽ ജൂലൈ | സംസ്കൃതം അധ്യാപകൻ | |
| ഭാഷാജ്ഞാനവും സാഹിത്യപ്രാവീണ്യവും നേടുക | കവിതാ രചന<br>സംസ്കൃത പ്രദർശനങ്ങൾ | ജൂലൈ മാസം മുതൽ | സംസ്കൃതം ക്ലബ് അംഗങ്ങൾ | |
| മഹാകാവ്യങ്ങൾ (രാമായണം, മഹാഭാരതം), നാടകങ്ങൾ, കാവ്യങ്ങൾ എന്നിവയുടെ സംഗീതാത്മകതയും കലാസവിശേഷതകളും അറിയുക. | ഗദ്യ വായന<br>രാമായണമാസാചരണം<br>ശ്രാവണ പൂർണിമ | ആഗസ്റ്റ് മാസം | സംസ്കൃതം അധ്യാപകൻ | |
| മനസ്സിന്റെ ക്ഷമയും ഏകാഗ്രതയും വർധിപ്പിക്കുക | കയ്യെഴുത്ത് മാഗസിൻ | സെപ്റ്റംബർ ഒക്ടോബർ നവംബർ | സംസ്കൃതം അധ്യാപകൻ | സ്റ്റാഫ് ഫണ്ട് |
| സംസ്കൃത പഠനം മനസ്സിന്റെ പ്രത്യേകം ശ്രദ്ധാസമ്പത്തിനെ വളർത്തുന്നു. | സ്കോളർഷിപ്പ് | ഡിസംബർ, ജനുവരി | സംസ്കൃതം അധ്യാപകൻ | |

മേഖല യു.പി ഉറുദു KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ, പുതിയ ഒരു ഭാഷയെ പറ്റി അറിവ് ഉണ്ടായിരിക്കുക അഞ്ചാം ക്ലാസ് മുതൽ ആരംഭിക്കുന്നതിനാൽ ഭാഷയെ ആകർഷിക്കാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക | അക്ഷരങ്ങൾ പഠിക്കുന്നതിന് അക്ഷര കാർഡ് ഉണ്ടാക്കുക ചിത്രങ്ങൾ കാണിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപിക | സ്റ്റാഫ് ഫണ്ട് |
| ഉറുദു വായന | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിപ്പിക്കുക ധാരാളം ഉറുദു കവിതകൾ ചൊല്ലിക്കൊടുത്തു കുട്ടികളെ ഈ ഭാഷയിലേക്ക് ആകർഷിക്കുക | | | |

**മേഖല യു.പി ആരോഗ്യം-ശുചിത്വം** KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് വ്യക്തിശുചിത്വത്തിന്റെ ആവശ്യകത മനസ്സിലാക്കിക്കൊടുക്കുക<br><br>വിദ്യാർത്ഥികളിൽ ആരോഗ്യപരമായ ജീവിതശൈലി പരിശീലിപ്പിക്കുക<br><br>പരിസ്ഥിതി ശുചിത്വഅവബോധം സൃഷ്ടിക്കുക.<br><br>രോഗപ്രതിരോധം സംബന്ധിച്ച് അടിസ്ഥാന ജ്ഞാനം കൊടുക്കുക | വ്യക്തിശുചിത്വവുമായി ബന്ധപ്പെട്ട ക്ലാസ് കൊടുക്കുക.<br>വിദ്യാർത്ഥികൾക്ക് ദിവസേന ശുചിത്വപ്രവർത്തനങ്ങൾ കുറിച്ചുവെക്കാൻ ശുചിത്വഡയറി നൽകുക.<br><br>പോഷകാഹാര അവബോധ ക്ലാസ്സ് കൊടുക്കുക.<br>കുട്ടികൾക്ക് യോഗാപരിശീലനവും മാനസികാരോഗ്യത്തിന്റെ ബോധവൽക്കരണവും നൽകുക.<br><br>ക്ലാസ്സ് റൂം പരിസരം ശുചിയായി സൂക്ഷിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക<br>പോസ്റ്റർ നിർമ്മാണം സ്കിറ്റ് എന്നിവയിലൂടെ സന്ദേശം കൊടുക്കുക | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | സ്റ്റാഫ് ഫണ്ട് |

മേഖല യു.പി അച്ചടക്കം KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശ്രദ്ധയോടെ പഠനം നടത്താൻ സഹായിക്കുക<br>— പഠനത്തിന് അനുയോജ്യമായ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുക.<br><br>2. നല്ല പെരുമാറ്റശൈലി വളർത്തുക<br>— ബഹുമാനം, സ്നേഹം, ശിശ്ടാചാരം തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ വളർത്തുക.<br><br>3. സമയപാലനം ഉറപ്പാക്കുക<br>— ക്ലാസ്സുകളിലും പ്രവർത്തനങ്ങളിലും ശരിയായ സമയക്രമം പാലിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുക.<br>4. ആത്മനിയന്ത്രണവും ഉത്തരവാദിത്തബോധവും വളർത്തുക | സമയം പാലിക്കുക,<br><br>നല്ല പെരുമാറ്റം പുലർത്തുക,<br><br>നിയമങ്ങൾ ബോധ്യമാക്കുക,<br><br>ഉത്തരവാദിത്തം ഉണ്ടാക്കുക, മാതൃകയാകുക | ജൂൺ മാസം മുതൽ | അധ്യാപകൻ | |

മേഖല യു.പി ഗതാഗതം KEEZHPPAYUR AUP SCHOOL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
